# ഇൻഡോർ കലാപം

**അമർനാഥ്** ക്ഷേത്രസമിതിക്ക് നൂറേക്കറോളം സർക്കാർ ഭൂമി വിട്ടുകൊടുത്തുകൊണ്ട് മുൻ മുഖ്യമന്ത്രി ഗുലാം നബി ആസാദ് നടത്തിയ പ്രഖ്യാപനം ജമ്മു-കശ്മീരിൽ വൻ ജനകീയ പ്രക്ഷോഭത്തിനിടയാക്കിയിരുന്നു. വിവിധ സംഘടനകളുടെ ആഹ്വാനമനുസരിച്ച് സംസ്ഥാന വ്യാപകമായി ബന്ദ് ആചരിക്കപ്പെട്ടു. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള മുന്നണി ഗവൺമെന്റിന് നൽകിവന്ന പിന്തുണ പി.ഡി.പി പിൻവലിച്ചു. ഗുലാം നബി ആസാദ് മന്ത്രിസഭ താഴെ വീണു. ക്ഷേത്രസമിതിക്ക് ഭൂമി വിട്ടുകൊടുക്കാനുള്ള തീരുമാനം സർക്കാർ പിൻവലിച്ചു. അതോടെ കശ്മീരിൽ പ്രക്ഷോഭം കെട്ടടങ്ങുകയും ചെയ്തു. ആശങ്കിക്കപ്പെട്ടതുപോലെ അമർനാഥ് തീർഥാടനത്തിന് വിഘ്നമൊന്നും ഉണ്ടായതുമില്ല. പക്ഷേ, ഭൂദാന പരിപാടിയിൽനിന്ന് പിന്മാറിയ സർക്കാറിന്റെ നടപടിക്കെതിരെ കശ്മീരിനു പുറത്ത് ഹിന്ദുത്വ സംഘടനകൾ രംഗത്തു വന്നു. അവർ രാജ്യവ്യാപകമായ പ്രതിഷേധ പരിപാടികൾക്ക് ആഹ്വാനം ചെയ്തു. അതിന്റെ ഭാഗമായിട്ടാണ് ജൂലൈ 3ന് ഇൻഡോറിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്.

ബി.ജെ.പി ഭരിക്കുന്ന മധ്യപ്രദേശ് സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളിലൊന്നാണ് ഇൻഡോർ. ഇൻഡോർ ജില്ലയിൽ 11.26 ശതമാനമാണ് മുസ്‌ലിം ജനസംഖ്യ. അതിൽ ഗണ്യമായ വിഭാഗം താമസിക്കുന്നത് ഇൻഡോർ നഗരത്തിലാണ്. വ്യാപാര-വ്യവസായ രംഗങ്ങളിൽ അവർക്ക് നല്ല സ്വാധീനവുമുണ്ട്. ബി.ജെ.പി തന്നെ ഭരിക്കുന്ന ഗുജറാത്ത് സംസ്ഥാനത്തിന്റെ അതിർത്തിക്കടുത്താണ് ഇൻഡോർ ജില്ലയുടെ കിടപ്പ്. പണ്ടേ രാജ്യത്ത് 'സെൻസേഷനൽ ഏരിയ' ആയി എണ്ണപ്പെടുന്ന പ്രദേശമാണിത്. അമർനാഥ് സംഭവത്തെത്തുടർന്നുണ്ടായ ഹിന്ദുത്വ പ്രക്ഷോഭം അവിടെ കലാപമായി രൂപപ്പെടുകയായിരുന്നു. ആറു പേർ കൊല്ലപ്പെടുകയും നിരവധിയാളുകൾക്ക് പരിക്കേൽക്കുകയും ചെയ്തതിനു പുറമെ ലക്ഷക്കണക്കിൽ രൂപയുടെ സ്വത്തുക്കൾ നശിപ്പിക്കപ്പെടുകയുമുണ്ടായി. നഗരത്തിൽ കുറെ ദിവസം കർഫ്യൂ പ്രഖ്യാപിച്ചിരിക്കുകയായിരുന്നു. ജീവനാശത്തിനും സാമ്പത്തിക നഷ്ടത്തിനും കൂടുതൽ ഇരയായത് മുസ്‌ലിം സമുദായമാണ്.

രാജ്യത്ത് എവിടെ എന്ത് അനിഷ്ട സംഭവമുണ്ടായാലും അതിന്റെ ഉത്തരവാദിത്വം മുസ്‌ലിംകളുടെ തലയിൽ വെച്ചുകെട്ടുക ഇപ്പോൾ അധികൃതരുടെ സ്ഥിരം പരിപാടിയാണ്. പള്ളിയിലും ദർഗയിലും സ്ഫോടനമുണ്ടായാൽ പോലും പ്രതികളായി ഏതെങ്കിലും മുസ്‌ലിം സംഘടനകൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ആ നിലക്ക് മുസ്‌ലിംകൾക്കുതന്നെ ജീവഹാനിയും സാമ്പത്തിക നഷ്ടവുമുണ്ടായ ഇൻഡോർ കലാപത്തിന്റെ ഉത്തരവാദിത്വവും മുസ്‌ലിംകളിൽ ആരോപിക്കുന്നതിൽ അത്ഭുതമില്ല. അനിഷ്ട സംഭവങ്ങളുണ്ടായ ഉടനെ ഇങ്ങനെ പ്രതികളെ ചൂണ്ടിക്കാണിക്കുന്നതുകൊണ്ട് പല നേട്ടങ്ങളുമുണ്ട്. ഒന്ന്, സർക്കാറിന്റെ കാര്യക്ഷമതക്ക് പൊതുസമൂഹത്തിന്റെ സമ്മതി നേടാം. രണ്ട്, ഭൂരിപക്ഷ സമുദായത്തിൽ മുസ്‌ലിംവിരോധം വളർത്താം. മൂന്ന്, യഥാർഥ പ്രതികൾക്ക് രക്ഷപ്പെടാം, ആരെയും പേടിക്കാതെ അടുത്ത സംഭവം ആസൂത്രണം ചെയ്യാം.

ഇൻഡോർ കലാപത്തിന് ഉത്തരവാദികൾ നിരോധിത മുസ്‌ലിം സംഘടനയായ സിമിയാണെന്ന്, അന്വേഷണം നടക്കുന്നതിന് മുമ്പേ സംസ്ഥാന മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പ്രസ്താവിച്ചു കഴിഞ്ഞിരുന്നു. എന്നാൽ സംഭവത്തിൽ സിമിക്ക് എന്തെങ്കിലും പങ്കുണ്ട് എന്നതിന് യാതൊരു തെളിവുമില്ല എന്നാണ് സ്ഥലം സന്ദർശിച്ച ന്യൂനപക്ഷ കമീഷൻ ചെയർമാൻ ശഫീഅ് ഖുറൈശി പറയുന്നത്. കലാപം യാദൃഛികമായി പൊട്ടിപ്പുറപ്പെട്ടതല്ലെന്നും ആസൂത്രിതമായി സംഘടിപ്പിക്കപ്പെട്ടതാണെന്നും അദ്ദേഹം പറയുന്നു. നേരത്തേ മധ്യപ്രദേശിൽ ഗവർണറായി പ്രവർത്തിച്ചിട്ടുള്ള ശഫീഅ് ഖുറൈശി തുടരുന്നു: മറ്റേതൊരു കലാപത്തെയും പോലെ ഇൻഡോർ കലാപത്തെയും ഒരു മാനുഷിക ദുരന്തമായിട്ടാണ് കാണേണ്ടത്. അമർനാഥ് യാത്രയെ വർഗീയ വികാരം ആളിക്കത്തിക്കാൻ ഉപയോഗിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. വാസ്തവത്തിൽ ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ പ്രബലമായ ഒരു കണ്ണിയാണ് അമർനാഥ് യാത്ര. അതെങ്ങനെ വർഗീയ കലാപത്തിന്റെ ഇന്ധനമായിത്തീർന്നു എന്നതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തേണ്ടതാവശ്യമാണ്. സംഭവത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും നഷ്ടപരിഹാരം നൽകണം. ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുകയും വേണം.

കലാപത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണം തികച്ചും നിഷ്പക്ഷമായിരിക്കണമെന്ന് കമീഷൻ ചെയർമാൻ ഊന്നിപ്പറയുകയുണ്ടായി. സാങ്കൽപിക കുറ്റവാളികളല്ല, യഥാർഥ കുറ്റവാളികളാണ് പിടികൂടപ്പെടേണ്ടത്. യഥാർഥ കുറ്റവാളികൾ ആരായാലും കർശനമായി ശിക്ഷിക്കപ്പെടുകയും വേണം. കലാപത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് സിമി അല്ലെന്ന് തെളിയുകയാണെങ്കിൽ, അന്വേഷണം ആരംഭിക്കുന്നതിന് മുമ്പ് അവർക്കെതിരെ കുറ്റമാരോപിച്ച ഉത്തരവാദപ്പെട്ടവർക്കെതിരെ മാതൃകാപരമായ നടപടിയെടുത്തുകൊണ്ട് നിരപരാധികൾ അന്യായമായി അപകീർത്തിക്കും പീഡനത്തിനും ഇരയാക്കപ്പെടുന്നത് അവസാനിപ്പിക്കണമെന്നും കമീഷൻ ചെയർമാൻ സർക്കാറുകളോട് ആവശ്യപ്പെട്ടു.

ന്യൂനപക്ഷ കമീഷന്റെ നിർദേശങ്ങൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ■